പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.559

29.01.2019 ൽ
മറുപടിയ്ക്ക്

## കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ്

**ചോദ്യം**
**ശ്രീ. ഹൈബി ഈഡൻ**

**മറുപടി**
**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) | ഉണ്ട്. ദുരന്ത നിവാരണം, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിസ്ഥിതി/ജലസംരക്ഷണം തുടങ്ങിയ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (ബി) | നിലവിൽ എത്ര പേർ പ്രസ്തുത ആക്ഷൻ ഫോഴ്സിൽ അംഗങ്ങളാണെന്നും അംഗങ്ങളായവർക്ക് ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകിയതെന്നും വ്യക്തമാക്കാമോ; | (ബി) | 1,15,640 പേരാണ് കേരള യൂത്ത് വോളന്ററി ആക്ഷൻ ഫോഴ്സിൽ നിലവിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ നിന്നും ശാരീരിക ക്ഷമതയും സന്നദ്ധ സേവന തൽപരതയുമുള്ള 25 വയസ്സിൽ താഴെയുള്ള 100 യുവതീ യുവാക്കളെ വീതം ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത് (100x 14 = 1400) ഇവർക്ക് പ്രത്യേക പരിശീലനം നൽകി ദുരന്ത നിവാരണ സേന, മാലിന്യ മുക്ത കേരളത്തിനായി യൂത്ത് വോളന്റിയർ ഗ്രൂപ്പ്. പരിസ്ഥിതി സംരക്ഷണ സേന, റോഡ് സുരക്ഷയ്ക്കുള്ള വോളന്റിയർ ഗ്രൂപ്പ്, ജലസംരക്ഷണ സേന എന്നിങ്ങനെ 5 മേഖലകളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഇവരിൽ നിന്നും ശാരീരിക യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 100 പേർക്ക് എയർഫോഴ്സ് വിഭാഗത്തിന്റെ സഹകരണത്തോടെ പ്രത്യേകം |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പരിശീലന പരിപാടികൾ 2019 ഫെബ്രുവരി മാസം മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത ഫോഴ്സ് അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും പി.എസ്.സി നിയമനങ്ങളിൽ ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ